(ബി)

നമ്പർ	ജില്ല	അനുവദിച്ച തുക (ലക്ഷം)	പദ്ധതികളുടെ എണ്ണം
1	മലപ്പുറം	300.00	1
2	പാലക്കാട്	300.00	1
3	ഇടുക്കി	300.00	1

(സി) & (ഡി) കുറ്റ്യാടി ബ്ലോക്കിനായി മണ്ണു-ജല സംരക്ഷണം, ജലസേചനം, നീർത്തട വികസനം എന്നിവയ്ക്കുവേണ്ടി തയ്യാറാക്കിയ 838.75 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതി

170 [1890] ശ്രീ. ടി. വി. ചന്ദ്രമോഹൻ :

" ജോർജ്ജ് ജെ. മാത്യു :

" ഇ. എം. അഗസ്തി :

ശ്രീമതി രാധാരാഘവൻ :

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം എന്തെല്ലാം വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്കീമുകളും, പ്രോജക്ടുകളും സംസ്ഥാന ഖാദിബോർഡ് കേന്ദ്രത്തിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട് ;

(ബി) എന്നാണ് ഇവ കേന്ദ്രത്തിനയച്ചത് ;

(സി) ഇവയ്ക്കുവേണ്ടി എന്തു തുകയുടെ സഹായമാണ് കേന്ദ്രത്തിൽ നിന്നോ, ഖാദി കമ്മീഷനിൽ നിന്നോ; പ്രതീക്ഷിക്കുന്നത് ;

ഉത്തരം

(എ-സി) കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം പ്രത്യേക പദ്ധതികളൊന്നും കേന്ദ്രത്തിന്റെ അംഗീകാരത്തിനായി ബോർഡ് സമർപ്പിച്ചിട്ടില്ല. എന്നാൽ ഖാദി നെയ്ത്തിനുവേണ്ടിയുള്ള ഒരു പ്രത്യേക പ്രോജക്ട് ഗവൺമെന്റിനു സമർപ്പിക്കുവാൻ തയ്യാറാക്കിവരികയാണ്.

രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

171 [1891] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി എത്ര ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കാനുണ്ടെന്ന് അറിയിക്കാമോ ;

(സി) കമ്പ്യൂട്ടർവത്ക്കരണം എന്നേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഇ) ഇതിന്റെ ചുമതല ഏത് ഏജൻസിക്കാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇതുവരെ 114 സബ് രജിസ്ട്രാർ ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിച്ചു കഴിഞ്ഞു. ഇതിനുപുറമെ 124 സബ്രജിസ്ട്രാർ ആഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) ഇനി 70 സബ് രജിസ്ട്രാർ ആഫീസുകളും 14 ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസുകളും, 11 ജില്ലാ രജിസ്ട്രാർ (ആഡിറ്റ്) ആഫീസുകളും, 4 ഡി.ഐ.ജി. ആഫീസുകളും സെൻട്രൽ ആഫീസും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2006-2007 സാമ്പത്തിക വർഷത്തോടെ കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയായ 114 സബ് രജിസ്ട്രാർ ആഫീസുകളിൽ പൈലറ്റ് പ്രോജക്ട് ആയ ആദ്യത്തെ 4 ആഫീസുകളിലെ കമ്പ്യൂട്ടർവത്ക്കരണം കെൽട്രോണും ബാക്കി 110 സബ് രജിസ്ട്രാർ ആഫീസുകളിലെ കമ്പ്യൂട്ടർവത്ക്കരണം എൻഐസിഎസ്ഐ-യുമാണ് നടത്തിയത്. 2004-2005 വർഷത്തെ കമ്പ്യൂട്ടർവത്ക്കരണം കെൽട്രോണിന്റെ സഹായത്തോടെ നടത്തിവരുന്നു. കൂടാതെ സൈറ്റ് പ്രിപ്പറേഷൻ പി. ഡബ്ലു.ഡി., നിർമ്മിതികേന്ദ്രം, ആലുവയിലെ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവരെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഡേറ്റാ എൻട്രി ജോലികൾ കുടുംബശ്രീ, ദിനേശ് ഇൻഫർമേഷൻ ടെക്നോളജി സർവ്വീസസ്, കണ്ണൂർ, കെൽട്രോൺ എന്നിവരെയും ഏൽപ്പിച്ചിട്ടുണ്ട്.

വി.ഇ.ഒ.-മാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ്

172 [1892] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ./എൽ.വി.ഇ.ഒ. ഗ്രേഡ്-2-ന് ട്രെയിനിംഗ് പീരിയഡിൽ അടിസ്ഥാന ശമ്പളം നൽകുന്നതിനുള്ള എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly